## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3659 25.06.2013 -ൽ മറുപടിക്ക്

**ജെ.എൻ.എൻ.യു.ആർ.എം പദ്ധതി പ്രകാരം നിരത്തിലിറക്കിയ ലോ ഫ്ളോർ ബസ്സുകൾ**

ചോദ്യം

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
" എൻ. ഷംസുദ്ദീൻ :
" കെ. എം. ഷാജി :
" എൻ .എ. നെല്ലിക്കുന്ന് :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജെ.എൻ.എൻ.യു.ആർ.എം പദ്ധതി പ്രകാരം നിരത്തിലിറക്കിയ ലോ ഫ്ളോർ ബസ്സുകളുടെ വിനിയോഗത്തിൽ നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും | ജെ.എൻ.എൻ.യു.ആർ.എം പദ്ധതി പ്രകാരം നിരത്തിലിറക്കിയ ലോഫ്ളോർ ബസ്സുകളുടെ വിനിയോഗത്തിൽ നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് കേന്ദ്രസർക്കാരിൽ നിന്നും ഒരു പ്രത്യേക നിർദ്ദേശവും ലഭിച്ചിട്ടില്ല. |
| (ബി) | എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ; | | |
| (സി) | പ്രസ്തുത നിയന്ത്രണങ്ങൾ പാലിച്ചാണോ കെ.എസ്.ആർ.ടി.സി ബസ്സുകളുടെ സർവ്വീസ് ക്രമീകരിച്ചിട്ടുള്ളത് ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | കേന്ദ്രസർക്കാരിന്റെ നഗരവികസന മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നത്. കൂടാതെ കേരള സർക്കാരിന്റേയും കെ.എസ്.യു.ഡി.പി എംപവേർഡ് കമ്മിറ്റിയുടേയും തീരുമാനപ്രകാരം പ്രസ്തുത പ്രോജക്ട്, മിഷൻ സിറ്റികളായ തിരുവനന്തപുരത്തു നിന്നും എറണാകുളത്ത് നിന്നും മറ്റ് പ്രധാന അർബൻ സിറ്റികളെ ബന്ധപ്പെടുത്തിക്കൊണ്ടും താഴെപ്പറയും പ്രകാരം സർവ്വീസ് നടത്തുന്നുണ്ട്.<br>തിരുവനന്തപുരം - എറണാകുളം<br>എറണാകുളം - കോഴിക്കോട്<br>എറണാകുളം - കോട്ടയം<br>എറണാകുളം - തൊടുപുഴ |

| | | | |
|---|---|---|---|
| | | | എറണാകുളം - പാലാ<br>എറണാകുളം - നിലമ്പൂർ<br>പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലാണ് ജൻറം പദ്ധതിയിൽപ്പെട്ട എല്ലാ സർവ്വീസുകളും നടത്തുന്നത്. |

സെക്ഷൻ ഓഫീസർ